# ഇസ്‌ലാമും ഇസ്‌ലാമിസവും

## മുഹമ്മദ് ശമീം

***സമകാലിക*** *മലയാളം* വാരികയിൽ ഈയടുത്ത് ഒരു പുസ്തകാഭിപ്രായവും വിവാദവും നടക്കുകയുണ്ടായി. എദ് ഹുസൈൻ എന്ന ഇംഗ്ലീഷുകാരന്റെ പുസ്തകത്തെപ്പറ്റി ഹമീദ് ചേന്ദമംഗല്ലൂർ എഴുതിയ ലേഖനത്തിനെതിരെ പ്രശസ്ത കവി യൂസുഫലി കേച്ചേരി, ജമാഅത്തെ ഇസ്‌ലാമി അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, ഇസ്‌ലാമിക പ്രവർത്തകൻ അഞ്ചില്ലത്ത് കുഞ്ഞബ്ദുല്ല എന്നിവർ പ്രതികരിച്ചു. ഇതിനെല്ലാം ഒന്നായി ഹമീദിന്റെ മറുപടി ലേഖനവും വന്നു.

ഹമീദിന്റെ രണ്ടാമത്തെ ലേഖനവും വായിച്ചപ്പോൾ അതിനൊരു പ്രതികരണം തയാറാക്കി ഇതെഴുതുന്നയാൾ വാരികയിലേക്കയച്ചെങ്കിലും അത് പ്രസിദ്ധീകരിച്ചില്ല. അൽപം വ്യത്യാസത്തോടെ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ *പ്രബോധനം* വായനക്കാരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ടെന്ന തോന്നലിലാണ് ഈ ലേഖനം തയാറാക്കുന്നത്.

ഇസ്‌ലാം എന്ന സമഗ്രമായ ഒരാശയത്തെ അതിന്റെ മുഴുവൻ സാമൂഹിക ഉള്ളടക്കത്തെയും ചോർത്തിക്കളഞ്ഞ് ആത്മാവും ഓജസ്സുമില്ലാത്ത ഒരു രൂപമാക്കി മാറ്റിനിർത്തിയ ശേഷം ആ ഇസ്‌ലാമിന് താൻ എതിരല്ല എന്നു പ്രസ്താവിക്കുകയാണ് ഹമീദ് ചെയ്യുന്നത്. ഇസ്‌ലാമിന്റെ സാമൂഹികതയിലും നൈതികതയിലും ഊന്നിനിന്നുകൊണ്ട് പ്രവർത്തിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആശയങ്ങളെ ഇസ്‌ലാമിസം എന്ന പേരിൽ വേറിട്ടുനിർത്തി അതിനെയാണ് താൻ വിമർശിക്കുന്നത് എന്നും ധ്വനിപ്പിക്കുന്നു. ഇതിലൂടെ ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരായ തന്റെ പ്രചാരണത്തിൽ സാധാരണ മുസ്‌ലിംകളെ കൂടി സഹകരിപ്പിക്കാൻ സാധിച്ചേക്കും എന്നദ്ദേഹം കരുതുന്നുണ്ടാവാം. എന്നാൽ ഹമീദ് യഥാർഥത്തിൽ ആക്രമണലക്ഷ്യമാക്കിയിരിക്കുന്നത് ഇസ്‌ലാമിനെത്തന്നെയാണെന്ന് കാണാൻ പ്രയാസമില്ല. അത് അദ്ദേഹത്തിന്റെ വരികളിൽ വ്യക്തമാണ്.

ബോധപൂർവമായോ അല്ലാതെയോ അദ്ദേഹം വായനക്കാരെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ഇസ്‌ലാമിക ലോകത്തുള്ള തെറ്റും ശരിയും പാതി ശരിയുമൊക്കെയായ ചിന്തകളെയും പ്രവർത്തനങ്ങളെയും കൂട്ടിക്കുഴച്ചാണ് അവതരിപ്പിക്കുന്നത്. മൗലാനാ മൗദൂദി, സയ്യിദ് ഖുത്ബ്, തഖി നദാനി എന്ന ഒരച്ചുതണ്ട് വ്യാജമായി സങ്കൽപിച്ചതോ കൃത്യമായി നിർമിച്ചെടുത്തതോ ആണ്. നദാനിയുടെ അബ്ബാസീ മാതൃകയിലുള്ള ഇസ്‌ലാമിക രാഷ്ട്ര ഭരണഘടന, ഹെഗലിന്റെയും ഗ്രാംഷിയുടെയും ആശയങ്ങളും ഇസ്‌ലാമിക പരിവേഷം നൽകി അവതരിപ്പിക്കൽ, ഹിസ്ബുത്ത്വാഹിർ മുന്നോട്ടുവെക്കുന്ന മുസ്‌ലിം-കാഫിർ ദ്വന്ദം തുടങ്ങിയവക്കൊന്നും മൗദൂദിയുടെ ചിന്താധാരയുമായി യാതൊരു ബന്ധവുമില്ല. ഇസ്‌ലാം വിഭാവന ചെയ്യുന്ന നൈതികതയുടെ സമ്പൂർണ മാതൃകയായി മൗദൂദി വിലയിരുത്തുന്നത് പ്രവാചകന്റെയും നാല് ഖലീഫമാരുടെയും ഭരണവ്യവസ്ഥയെ മാത്രമാണ്. ശേഷം പ്രവാചകശിഷ്യൻ തന്നെയായ മുആവിയ തൊട്ടുള്ള ഉമവീ ഭരണകൂടത്തെയും (അതിൽ നാല് ഖലീഫമാരുടെ മാതൃക പിന്തുടർന്ന ഉമറുബ്നു അബ്ദിൽ അസീസ് ഒഴികെ) അബ്ബാസീ ഭരണവ്യവസ്ഥയെയും നിശിതമായ വിമർശനങ്ങൾക്കു വിധേയമാക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. മനുഷ്യരെ ഭൂമിയിലെ ദൈവപ്രതിനിധികളായി (ഖലീഫമാർ) കാണുന്നതോടൊപ്പം, ജനപ്രാതിനിധ്യം അവകാശപ്പെടാനുള്ള ധാർമികവും രാഷ്ട്രീയവുമായ യോഗ്യതയാണ് യഥാർഥ ഖിലാഫത്തിനുണ്ടാവേണ്ടത് എന്നും ഉമവീഘട്ടം മുതൽക്ക് മേൽപറഞ്ഞ

ജനപ്രാതിനിധ്യം അവസാനിക്കയാൽ ഭരണവ്യവസ്ഥ കേവല *മുലൂകിയത്ത്* (രാജവാഴ്ച) മാത്രമായിത്തീർന്നുവെന്നും അദ്ദേഹം സമർഥിച്ചു. ഈ അർഥത്തിലാണ് ഖിലാഫത്തിനെ ജനാധിപത്യ വ്യവസ്ഥയായി യൂസുഫലി കേച്ചേരിയും വിശേഷിപ്പിച്ചിരിക്കുക. അത് ഒരു വ്യവസ്ഥ എന്ന നിലയിൽ ആധുനിക കാലത്തുണ്ടായ ഡെമോക്രസി അല്ലെന്ന് ആർക്കുമറിയാം. എന്നാൽ ഡെമോക്രസിയുടെ ഗുണവശങ്ങൾ (ജനപ്രാതിനിധ്യം, ജനായത്തപരത) ഖിലാഫത്ത് ഉൾക്കൊള്ളുന്നുണ്ടെന്നതും യാഥാർഥ്യമാണ്.

എദ് ഹുസൈന്റെ പുസ്തകം ഇതെഴുതുന്നയാൾ വായിച്ചിട്ടില്ല. എന്നാൽ തഖിനദാനിയുടെയും ഹിസ്ബുത്താഹിറിന്റെയും വിചാരധാരകൾ എത്രമാത്രം ബാലിശമാണെന്ന് ഹമീദിന്റെ ലേഖനത്തിൽനിന്നുതന്നെ വ്യക്തമാണ്. ജമാഅത്തിന്റെയും ബ്രദർഹുഡ്ഡിന്റെയും താത്ത്വികാചാര്യന്മാരുടെ കൃതികൾ ഒരാളെ ഹിസ്ബുത്താഹിറിലേക്കെത്തിച്ചതെങ്ങനെയെന്ന് മനസ്സിലാകുന്നില്ല. ജമാഅത്തിന്റെയും ബ്രദർഹുഡ്ഡിന്റെയും പ്രവർത്തകരും ചിന്തകന്മാരും കുറേക്കാലമായി വായിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവയാണല്ലോ പ്രസ്തുത കൃതികൾ. അവർക്കാർക്കും ഇങ്ങനെയൊരു വ്യതിയാനമുണ്ടായതായി കാണുന്നില്ല.

ഹമീദ് ചേന്ദമംഗല്ലൂർ സൂചിപ്പിച്ച മുഗൾ നൊസ്റ്റാൾജിയ ഒരുപക്ഷേ ഇന്ത്യയിലെ പാരമ്പര്യമുസ്‌ലിംകളിൽ കണ്ടുകൂടായ്കയില്ല. എന്നാൽ ആദർശ രാഷ്ട്രം എന്ന കാഴ്ചപ്പാടിൽ പ്രവർത്തിക്കുന്ന ഇസ്‌ലാമിസ്റ്റുകൾക്ക് ഈ വികാരം തീരെയില്ല. പ്രവാചകശിഷ്യനിൽ തുടക്കം കുറിക്കപ്പെട്ട ഉമവീ ഭരണകൂടത്തെയും മുസ്‌ലിംകൾക്ക് ഭൗതികമായി ഒട്ടേറെ വികാസവും പുരോഗതിയും സംഭാവന ചെയ്ത അബ്ബാസീ ഭരണത്തെയും പോലും ഈ ആദർശരാഷ്ട്രം എന്ന കാഴ്ചപ്പാടിൽനിന്നുകൊണ്ട് ഒരർഥത്തിൽ നിരാകരിക്കുന്ന മൗദൂദിയുടെ ചിന്തകളിൽ എന്തായാലും ഈ നൊസ്റ്റാൾജിയക്ക് തീരെ സ്ഥാനമില്ല.

ഗ്ലാസ്ഗോയിലും ബഗ്ദാദിലും ബെസ്‌ലാനിലും ഹൈദരാബാദിലും നടന്ന സ്ഫോടനങ്ങളിലൊന്നും ജമാഅത്തിന്റെയോ ബ്രദർഹുഡ്ഡിന്റെയോ പ്രവർത്തകർ പങ്കാളികളായിട്ടില്ല. അന്യായമായ യാതൊരു ആക്രമണത്തെയും ഈ രണ്ട് സംഘടനകളും പിന്തുണച്ചിട്ടുമില്ല. സെപ്റ്റംബർ 11 പോലുള്ള സംഭവങ്ങളെ ന്യായീകരിക്കുന്നതിലെ അനിസ്‌ലാമികത തുറന്നുകാട്ടിയ പണ്ഡിതന്മാരിൽ ഹമീദ് പറയുന്ന സ്വൂഫി പശ്ചാത്തലമുള്ളവർ എത്ര പേരുണ്ടെന്നറിയില്ല. എന്നാൽ അവരിൽ പ്രമുഖർ യൂസുഫുൽ ഖറദാവിയെപ്പോലുള്ള ഇസ്‌ലാമിസ്റ്റ് പണ്ഡിതന്മാരും ജമാഅത്തെ ഇസ്‌ലാമിയെ പോലുള്ള പ്രസ്ഥാനങ്ങളുമായിരുന്നെന്ന് അക്കാലത്തെ പത്രങ്ങൾ വായിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. ഡാനിഷ് പത്രത്തിലെ കാർട്ടൂൺ പോലുള്ള പ്രശ്നങ്ങളിൽ, അവയുടെ പിന്നിലുള്ള രാഷ്ട്രീയം തുറന്നുകാട്ടുന്നതോടൊപ്പം പ്രതികരിക്കുന്നതിലെ പ്രവാചകമാതൃക വിശകലനം ചെയ്തതും പഠിപ്പിച്ചതും പ്രധാനമായും ഇസ്‌ലാമിക പ്രസ്ഥാന പശ്ചാത്തലമുള്ള ചിന്തകരായിരുന്നു.

അക്ഷരമൗലികവാദികളായ വഹാബികളുമായി ഇസ്‌ലാമിസ്റ്റുകളെ കൂട്ടിക്കുഴക്കുന്നത് ന്യായമല്ല. അതുപോലെ അറബ് മനസ്സിൽ കുടികൊള്ളുന്ന വംശീയതയുമായും ഇസ്‌ലാമിസത്തിന് ഒരു ബന്ധവുമില്ല. അറബി-അനറബി വ്യതിരിക്തത ഉൾപ്പെടെ വംശീയമായ സകല കാഴ്ചപ്പാടുകളുടെയും നിരാകരണം എന്ന പ്രവാചകന്റെ നിലപാടിലൂന്നിനിന്നുകൊണ്ടുള്ള പ്രബോധനമാണ് ജമാഅത്ത് മുന്നോട്ടുവെക്കുന്നതെന്ന് അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ മനസ്സിലാക്കാനാവും. അറബ് ഭരണകൂടങ്ങൾ പിന്തുടരുന്ന പാശ്ചാത്യ വിധേയത്വത്തിലധിഷ്ഠിതമായ വികസനസങ്കൽപങ്ങളാണ് 'അല്ലാഹുവിന്റെ അടയാളങ്ങൾ' എന്ന് ഖുർആൻതന്നെ സാക്ഷ്യപ്പെടുത്തുന്ന കുന്നുകൾ പോലും ഇടിച്ചു ശരിപ്പെടുത്തുന്നതിലേക്ക് അവരെ കൊണ്ടെത്തിച്ചത്. ഇസ്‌ലാമിന്റെ സത്തയിൽ തൊടാത്ത അക്ഷരമൗലികവാദം അപ്രസക്തമാകുന്നതവിടെയാണെന്ന് കാണാം.

## ഇസ്‌ലാം- ഇസ്‌ലാമിസം

ലോകത്തിന്നുവരെ ആഗതരായിട്ടുള്ള ദൈവദൂതന്മാരായ പ്രവാചകന്മാർ അവതരിപ്പിച്ച ധാർമിക സന്ദേശത്തെ ഒരു വിമോചന പ്രത്യയശാസ്ത്രം എന്ന നിലക്ക് സമീപിക്കുകയാണ് ജമാഅത്തെ ഇസ്‌ലാമിയും സമാന ചിന്താഗതിക്കാരും ചെയ്യുന്നത്. ഈ വിമോചനം എന്നത് ഒരേസമയം ആത്മീയവും രാഷ്ട്രീയവുമാണ്. ജമാഅത്ത് സ്പിരിച്വൽ ഇസ്‌ലാമിന്റെയോ പൊളിറ്റിക്കൽ ഇസ്‌ലാമിന്റെയോ അല്ല, മറിച്ച് യഥാർഥ ഇസ്‌ലാമിന്റെ വക്താക്കളത്രെ. കേവല ഭൗതികതയും അതിലൂന്നിക്കൊണ്ടുള്ള മുതലാളിത്തവും ജീവിതത്തെ ധർമനിരപേക്ഷമാക്കുന്നതിന്റെ ഭാഗമായി ആത്മീയതയെയും രാഷ്ട്രീയം ഉൾപ്പെടെ മനുഷ്യന്റെ ഭൗതിക കർമമേഖലയെയും വേർപ്പെടുത്തി. ഈ ചിന്ത മുസ്‌ലിംകളെയും സ്വാധീനിച്ചുതുടങ്ങിയ ഒരു കാലഘട്ടത്തിലാണ് സയ്യിദ് മൗദൂദി, സയ്യിദ് ഖുത്വ്ബ് തുടങ്ങിയവരുടെ യഥാർഥ ഇസ്‌ലാമിലധിഷ്ഠിതമായ ചിന്തകൾ രൂപപ്പെട്ടുവരുന്നത്. ഇവരുടെ ചിന്തകൾ മുതലാളിത്തത്തിന്റെ ഭൗതികതക്ക് എന്നതുപോലെ ഒരു ദർശനം എന്ന നിലയിൽ കമ്യൂണിസം പ്രതിനിധാനം ചെയ്യുന്ന ഭൗതികവാദത്തിനും എതിരായിരുന്നു എന്നത് വാസ്തവമാണ്. ഭൗതികാസക്തിയിലധിഷ്ഠിതമായ മുതലാളിത്തത്തെയും സാമ്രാജ്യത്വത്തെയും പ്രതിരോധിക്കാൻ ധാർമികമൂല്യങ്ങളെ ആത്മീയമായ നിലപാടിൽ വളർത്തിയെടുക്കണം എന്നതാണ് ഇസ്‌ലാമിന്റെ നിലപാട്. ഇതിന് ഇസ്‌ലാമിസം എന്ന് പേരുവിളിക്കുകയും ഇസ്‌ലാമും ഇസ്‌ലാമിസവും രണ്ടാണെന്ന് വരുത്തുകയും ചെയ്യുന്നത് ശരിയല്ലെന്ന തിരിച്ചറിവിൽനിന്നാവാം ഒരുപക്ഷേ യൂസുഫലി കേച്ചേരിയുടെ പ്രതികരണമുണ്ടായത്. ജീവിതത്തിന്റെ സകല മേഖലകളിലും ധാർമികതയിലൂന്നിക്കൊണ്ട് മാർഗദർശനം ചെയ്യുന്ന ഒരു ചിന്താപദ്ധതി, ആ അർഥത്തിൽ സമ്പൂർണമായ വ്യവസ്ഥിതി സൃഷ്ടിച്ചെടുക്കും എന്ന ലളിതമായ വിശദീകരണത്തെ 'മനുഷ്യനുമായി ബന്ധപ്പെട്ട ഒന്നിലും സമ്പൂർണത സാധ്യമല്ല' തുടങ്ങിയ പരസ്പരബന്ധമില്ലാത്ത തത്ത്വവിചാരങ്ങളുമായി ഹമീദ് കൂട്ടിക്കുഴക്കുകയാണ്. ഇസ്‌ലാമിൽ വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾക്കും ജീവിത പുരോഗതിക്കനുസരിച്ചുള്ള വികാസത്തിനുമുള്ള ന്യായമായ പഴുതുകൾ ഇസ്‌ലാമിസ്റ്റുകൾ കൊട്ടിയടക്കുന്നേയില്ല. അത്തരം നിലപാടുകൾ ഹമീദ് പ്രകീർത്തിക്കുന്ന പരമ്പരാഗത മുസ്‌ലിംസമൂഹത്തിൽനിന്നാണുണ്ടാകുന്നത്. സാമുദായിക തീവ്രവാദത്തിനും ജമാഅത്തെ ഇസ്‌ലാമിയിൽ യാതൊരു പഴുതുമില്ല. കേരളത്തിൽ രൂപപ്പെട്ടിട്ടുള്ള, താത്ത്വിക പിൻബലമോ ആദർശപിന്തുണയോ ഇല്ലാത്ത തീവ്ര സാമുദായിക സംഘടനയിലേക്ക് ആളുകൾ വന്നുചേർന്നത് ഈ പരമ്പരാഗത സമുദായത്തിൽനിന്നുതന്നെയാണ്. എന്നാൽ മൗദൂദിയുടെ പുസ്തകങ്ങൾ ഒറ്റക്കും കൂട്ടായും വായിക്കുന്നത് ജീവിതത്തിന്റെ ഭാഗമാക്കിയിട്ടുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തകരാരും അക്കൂട്ടത്തിലേക്ക് ചെന്നിട്ടില്ല. വർഗീയത അന്തർഹിതം എന്ന് ഹമീദ് ചേന്ദമംഗല്ലൂർ ആക്ഷേപിക്കുന്ന ഈ ഇസ്‌ലാമിസ്റ്റ് പ്രസ്ഥാനമാണ് സകാത്ത്, ഫിത്വ്ർ സകാത്ത്, ഉദ്ഹിയ്യത്ത്പോലുള്ള സമ്പദ് വിതരണാനുഷ്ഠാനങ്ങളുടെ ഗുണഭോക്താക്കളിൽ മുസ്‌ലിമേതര സഹോദരങ്ങളും പെടണം എന്ന ചിന്ത പ്രസരിപ്പിക്കുന്നത്. ഈ ആശയവുമായി പരമ്പരാഗത മുസ്‌ലിം സമൂഹത്തെയോ മൗദൂദിയുടെ കഠിനവിമർശകരായ കേരളീയ സലഫികളെയോ സ്വൂഫി വിഭാഗങ്ങളെയോ മാന്യ ലേഖകൻ ഒന്ന് സമീപിച്ചുനോക്കട്ടെ, പ്രതികരണം അപ്പോഴറിയാം.

ജീവിതത്തിന് ഒരു വ്യവസ്ഥ വേണം. അത് പ്രശ്നങ്ങൾക്ക് പരിഹാരവും പുരോഗമനോന്മുഖവുമാകണം. അങ്ങനെയൊരു വ്യവസ്ഥയായി ദൈവിക മാർഗദർശനത്തെ പരിചയപ്പെടുത്തുകയാണ് ഇസ്‌ലാം ചെയ്യുന്നത്. ഇതാണ് ഹമീദ് പറയുന്ന ഇസ്‌ലാമിസവും. ഇത് രണ്ടും രണ്ടല്ല. രണ്ടാണെന്ന് തെളിയിക്കുക സാധ്യമേയല്ല. യഥാർഥത്തിൽ ഹമീദിന്റെ ഉദ്ദേശ്യം വ്യക്തമാണ്. തുടക്കത്തിൽ സൂചിപ്പിച്ച രൂപത്തിൽ ദുർബലമായ ഇസ്‌ലാമിനെ രൂപപ്പെടുത്തി പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ പിന്നെ അതിനെ തകർക്കൽ എളുപ്പമാണ്. ഇസ്‌ലാമിസം എന്ന് ഹമീദ് വിളിക്കുന്ന ഇസ്‌ലാമിന്റെ സാമൂഹികതയെ ആക്രമിക്കുന്നത് ഇസ്‌ലാമിനെതിരായിത്തന്നെയുള്ള ഗൂഢപദ്ധതിയാണെന്ന് ആർക്കും മനസ്സിലാവും. ഇത്തരം വിവാദങ്ങളിൽ സാധാരണയായി ഇടപെട്ടുകണ്ടിട്ടില്ലാത്ത കവി കേച്ചേരിയും കൃത്യമായും ഇത് മനസ്സിലാക്കിത്തന്നെയാണ് പ്രതികരിച്ചതെന്ന് കാണാൻ പ്രയാസമില്ല.

## ഇസ്‌ലാമിസ്റ്റുകളും കമ്യൂണിസവും

പരമ്പരാഗത മുസ്‌ലിംകളേക്കാൾ കമ്യൂണിസത്തോട് താൽപര്യമുള്ളവരാണ് ഇസ്‌ലാമിസ്റ്റുകൾ എന്ന അഞ്ചില്ലത്ത് കുഞ്ഞബ്ദുല്ലയുടെ വാദമല്ല, അതിന് ഹമീദ് ചേന്ദമംഗല്ലൂരിന്റെ പ്രതികരണമാണ് അതിവിചിത്രം. ആറേഴു പതിറ്റാണ്ടുകളായി ശക്തമായ കമ്യൂണിസ്റ്റ് സ്വാധീനമുള്ള നാടായ കേരളത്തിൽ ഇന്നേവരെ ഇസ്‌ലാമിസ്റ്റുകളിലൊരാൾ പോലും കമ്യൂണിസ്റ്റ് പാർട്ടികളിൽ പ്രവർത്തിച്ചിട്ടില്ലത്രെ! അതെങ്ങനെ സാധ്യമാവും! ഒരു കമ്യൂണിസ്റ്റും ഇന്നുവരെ ഇസ്‌ലാമിക പ്രസ്ഥാനത്തിൽ പ്രവർത്തിച്ചിട്ടില്ലല്ലോ എന്നങ്ങോട്ടു ചോദിച്ചാലോ? ഇസ്‌ലാം ഇസ്‌ലാമും കമ്യൂണിസം കമ്യൂണിസവുമാണ്. രണ്ടും ഒന്നാവുക സാധ്യമല്ല. ലളിതമായ ഈ കാര്യം മാന്യ ലേഖകൻ ഇനിയും മനസ്സിലാക്കിയിട്ടില്ലെന്നത് കഷ്ടമാണ്.

അതേയവസരം പൊതുവായ ചില മൂല്യങ്ങളും വികാരങ്ങളും പങ്കുവെക്കാനാവും. ഒരു വിമോചന നൈതിക പ്രസ്ഥാനമെന്ന നിലയിൽ ഇസ്‌ലാമിക പ്രസ്ഥാനം മുതലാളിത്തത്തെയും സാമ്രാജ്യത്വത്തെയും എതിർക്കുന്നു. ഈ വികാരം ആരുമായും പങ്കുവെക്കാനും ഈ സമരത്തിൽ ആരോടും സഹകരിക്കാനും അതിന്റെ പ്രവർത്തകർ തയാറുമാണ്. ആ അടിസ്ഥാനത്തിൽ ഇസ്‌ലാം-മാർക്സിസ്റ്റ് സംവാദം, സഹകരണം തുടങ്ങിയ ആശയങ്ങൾ ഇസ്‌ലാമിക പ്രസ്ഥാനം മുന്നോട്ടുവെക്കുന്നുണ്ട്. ഇതിനെപ്പറ്റിയാണ് ഇസ്‌ലാമിസ്റ്റുകൾക്ക് കമ്യൂണിസത്തോടുള്ള താൽപര്യം എന്ന് കുഞ്ഞബ്ദുല്ല പറഞ്ഞത്. ആശയതലത്തിൽ കമ്യൂണിസവും ഇസ്‌ലാമും തമ്മിലുള്ള മാന്യവും സംവാദാത്മകവുമായ ഏറ്റുമുട്ടൽ അപ്പോഴും തുടരും. ഏതാണ് നിലനിൽക്കേണ്ടതെന്ന് കാലം തീരുമാനിക്കട്ടെ.

## ഹിജാബ്, സകാത്ത്

ഇസ്‌ലാം അന്തസ്സാരവിഹീനവും അമാനവികവുമാണ് എന്ന കാഴ്ചപ്പാട് തന്റെ ലേഖനത്തിലൊരിടത്തുമില്ലെന്ന് യൂസുഫലി കേച്ചേരിക്ക് മറുപടിയായി ഹമീദ് ചേന്ദമംഗല്ലൂർ പറയുന്നുണ്ട്. എന്നാൽ സകാത്ത്, ഹിജാബ് തുടങ്ങിയ ഇസ്‌ലാമിന്റെ അടിസ്ഥാനാധ്യാപനങ്ങളെ അന്തസ്സാരശൂന്യവും അമാനവികവുമായി വ്യംഗ്യമായോ വ്യക്തമായോ വിമർശിക്കുന്നുമുണ്ട്. ഇവിടെയാണ് ഇസ്‌ലാമിനോടുതന്നെയുള്ള ഹമീദിന്റെ എതിർപ്പ് ശരിക്കും പ്രകടമാകുന്നത്. ഇസ്‌ലാമിന്റെ അടിസ്ഥാനമായി വർത്തിക്കുന്ന ആശയങ്ങളെക്കൂടി തള്ളിപ്പറഞ്ഞുകൊണ്ട് ഇസ്‌ലാമിനോട് തനിക്കെതിർപ്പില്ലെന്നു പറയാൻ ഹമീദ് കാണിക്കുന്ന ചങ്കൂറ്റം അപാരം തന്നെ.

യഥാർഥത്തിൽ സകാത്ത്, ഹിജാബ് എന്നൊക്കെ പറയുന്നത് സവിശേഷമായ ചില സംസ്കാര സൂചകങ്ങളാണ്. മതങ്ങൾ പഠിപ്പിക്കുന്ന കേവല പ്രാർഥനയും ആരാധനയും ഇസ്‌ലാമിലില്ല. പകരമുള്ളത് ദൈവത്തോടും സമൂഹത്തോടുമുള്ള പ്രതിബദ്ധതയും ബാധ്യതകളും പരിശീലിപ്പിക്കുന്ന സ്വലാത്താ(നമസ്കാരം)ണ്. അതുപോലെ കേവലമായ ദാന ധർമങ്ങളല്ല ഇസ്‌ലാമിലുള്ളത്. വിശുദ്ധി, വളർച്ച, സംസ്കരണം എന്നെല്ലാം പദാർഥമുള്ള സകാത്താണ്. ഇവിടെ ലേഖകൻ ഉന്നയിക്കുന്ന വിമർശങ്ങൾ അടിസ്ഥാന രഹിതമാണ്. ദാരിദ്ര്യം ഒരു ശാശ്വത വ്യവസ്ഥയായിരിക്കുമെന്ന സങ്കൽപമല്ല സകാത്തിന്റെ ന്യായം. സകാത്ത് ധനം വിതരണം ചെയ്യപ്പെടേണ്ടവരിൽ ദരിദ്രർ ഒരു വിഭാഗം മാത്രമാണ്. ഈ ധനം ചെലവഴിക്കേണ്ട എട്ടു വകുപ്പുകൾ ഖുർആനിൽ പരാമർശിച്ചത് വിശദമായ പഠനങ്ങൾക്ക് വിധേയമായിട്ടുണ്ട്. അതിൽ ഒന്നും രണ്ടും വകുപ്പുകൾ മാത്രമാണ് ദാരിദ്ര്യവുമായി ബന്ധപ്പെട്ടത്. മറ്റുള്ളവയിൽ ദാരിദ്ര്യം വരുന്നില്ലെന്നു മാത്രമല്ല, ആ വകുപ്പുകളിൽ സകാത്ത് സ്വീകർത്താക്കൾ ദരിദ്രരായിരിക്കണമെന്ന വ്യവസ്ഥയുമില്ല. മനുഷ്യദുരിതങ്ങൾക്കുള്ള പ്രതിവിധിയാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. ദുരിതം എപ്പോഴും ദാരിദ്ര്യം (വിഭവക്കമ്മി) നിമിത്തം തന്നെയായിക്കൊള്ളണമെന്നില്ല.

രണ്ടര ശതമാനം സകാത്ത് എന്നത് നിർബന്ധ കൽപനയാണ്. പുറമെ സമൂഹാവശ്യങ്ങൾക്കുള്ള സാമ്പത്തിക നടപടികൾ കൈക്കൊള്ളാൻ ഭരണകൂടത്തെ ഇസ്‌ലാം അനുവദിക്കുന്നുണ്ട്. സമ്പത്തിന്റെ സന്തുലിതമായ വിതരണവും മുഴുവൻ ജനങ്ങളുടെയും ജീവിത സൗകര്യങ്ങളുടെ വികസനവും ഇത്തരം നടപടികളുടെ ലക്ഷ്യമാകണം എന്ന് പഠിപ്പിക്കുന്നുമുണ്ട്.

ഹിജാബ് എന്നാൽ ജെൻഡർ സെഗ്രിഗേഷനല്ല. അത് കേവലം വസ്ത്രധാരണ രീതിയുമല്ല. അതൊരു സംസ്കാരമാണ്. നിർലജ്ജതയുടെ ഭൗതിക, മത സംസ്കാരങ്ങൾക്കെതിരായ പ്രതിരോധം. മൂടുപടവുമായി ബന്ധപ്പെട്ട തർക്കം ബാലിശമാണെന്ന് ഹമീദ് ചേന്ദമംഗല്ലൂർ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ അദ്ദേഹം തന്നെ ഒന്നാമത്തെ ലേഖനത്തിൽ ഹിജാബ് എന്ന വാക്കിന് മൂടുപടം എന്ന് തെറ്റായി അർഥം നൽകിയിട്ടുമുണ്ട്.

ജെൻഡർ സെഗ്രിഗേഷനു (സ്ത്രീ- പുരുഷ വേറിട്ടുനിൽപ്) വേണ്ടിയല്ല, മറിച്ച് സാമൂഹികമായി ഇടപെടലുകളിലും സാമൂഹിക പ്രവർത്തനത്തിലും മാന്യമായ ഇടപഴകാൻ സാധിക്കുന്നതിനുള്ള ഉപാധിയായിട്ടാണ് ഇസ്‌ലാമിസ്റ്റുകൾ ഹിജാബിനെ കാണുന്നത്. എഡ് ഹുസൈൻ അറബികളുടെ കണ്ണിൽ കണ്ട കാമജ്വാലയുടെ തീക്ഷ്ണത അളക്കാനുപയോഗിച്ച മാപിനി ഏതു തന്നെയായാലും ഹിജാബിന്റെ നിയമങ്ങൾ പൂർണമായി പാലിച്ചുകൊണ്ട് പരസ്പരം ഇടപഴകുന്ന ഇസ്‌ലാമിസ്റ്റുകളായ സ്ത്രീ പുരുഷന്മാരെ അത്തരം വ്യാജ പരികൽപനങ്ങൾ വെച്ചുകൊണ്ട് വിലയിരുത്താൻ ഹമീദ് ചേന്ദമംഗല്ലൂർ തയാറാവില്ലെന്ന് കരുതട്ടെ. ജെൻഡർ സെഗ്രിഗേഷൻ തീരെയില്ലാത്ത പാശ്ചാത്യ സമൂഹം അതിലൈംഗികതയിൽനിന്ന് മുക്തമാണെന്ന് ഹുസൈനും ഹമീദും ബോധപൂർവമാണോ പറയുന്നത്? എങ്കിൽ നാം അടിയന്തരമായും അതിലൈംഗികത എന്ത് എന്നതിനെപ്പറ്റി സംവാദത്തിലേർപ്പെടേണ്ടിയിരിക്കുന്നു.

ഏതായാലും എഡ് ഹുസൈന്റെ ചായ്‌വും പ്രതിബദ്ധതയും എങ്ങോട്ടാണെന്ന് ഹമീദിന്റെ ലേഖനം തന്നെ വ്യക്തമാക്കുന്നുണ്ട്. ബ്രിട്ടനെയും പാശ്ചാത്യ ലോകത്തെയും അവരുടെ ഉദാരതയുടെ പേരിൽ പ്രശംസിക്കുന്നത് ഉദാഹരണം. കഴിഞ്ഞ ഫിലിം ഫെസ്റ്റിവലിൽ തിരുവനന്തപുരത്ത് ഉദ്ഘാടന ചിത്രമായി അവതരിപ്പിച്ച, മരിയൻ ഹാൻസലിന്റെ 'സൗണ്ട്സ് ഓഫ് സാന്റ്' എന്ന ചിത്രത്തിന് പി.ടി കുഞ്ഞുമുഹമ്മദ് ഉന്നയിച്ച ഒരു വിമർശനമുണ്ട്. ദയാരഹിതവും നിർവികാരവുമായ പ്രകൃതിയും ആഫ്രിക്കൻ ഭൂമി തന്നെയും അവിടത്തെ മനുഷ്യരുമെ

ല്ലാം പുറംതള്ളിയ നീഗ്രോ കുടുംബത്തിന്റെ രക്ഷകരായി കഥാന്ത്യത്തിൽ വന്നെത്തുന്നത് വെള്ളക്കാർ. ഫണ്ടഡ് സിനിമകളുടെ ദുര്യോഗം എന്നാണ് പി.ടി പറഞ്ഞത്. ഇതുപോലെ ഫണ്ടഡ് ചിന്ത തന്നെയല്ലേ ഇതും? പാശ്ചാത്യന്റെ ഉദാരതയെയും ദയയെയും പ്രശംസിക്കുക. അതുവഴി അധിനിവേശ ക്രൂരതകളെയും അവകാശധ്വംസനങ്ങളെയും മറച്ചുപിടിക്കുക. അതുപോലെ പാശ്ചാത്യന്റെ സംസ്കാരത്തെ പ്രകീർത്തിക്കുക, അറബികളെയും മറ്റും കാമാസക്തരെന്ന് മുദ്രകുത്തുക. അതുവഴി പാശ്ചാത്യന്റെ സാംസ്കാരിക അധിനിവേശത്തിന്റെ ഫലമായി ലോകത്തുണ്ടായ മൂല്യവ്യതിയാനങ്ങളെ മറയ്ക്കുക.

ആത്മീയ ഇസ്‌ലാം, രാഷ്ട്രീയ ഇസ്‌ലാം എന്ന വിഭജനവും പാശ്ചാത്യന്റെ സൃഷ്ടിയാണ്. ബുഷ് ഭരണകൂടത്തിന് വിദഗ്ധോപദേശം നൽകുന്ന ഏജൻസികളിലൊന്നായ റാൻഡ് (RAND) കോർപ്പറേഷൻ, 9/11 അന്വേഷണ ഏജൻസി മുതലായവ മുന്നോട്ടുവെക്കുന്ന ശിപാർശകളിൽ, നിലനിൽക്കുന്ന സാമ്രാജ്യത്വത്തിനെതിരായ ആശയ പ്രതിരോധത്തിൽ ഇസ്‌ലാമിന്റെ സ്ഥാനത്തെ അടയാളപ്പെടുത്തുകയും ഈ പ്രതിരോധത്തെ തകർക്കാൻ ആത്മീയ ഇസ്‌ലാം, സ്വൂഫി, തബ്‌ലീഗ് പ്രസ്ഥാനങ്ങൾ മുതലായവയെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഭരണകൂടത്തെ ഉപദേശിക്കുകയും ചെയ്യുന്നുണ്ട്. വിപ്ലവാത്മകമായ സാമൂഹിക ഉള്ളടക്കമുള്ള, പ്രവാചകന്മാരുടെ ധാർമിക-നൈതിക പ്രത്യയശാസ്ത്രത്തെ ചെറുക്കുകയും തകർക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ് ഇത്തരം പരികൽപനകളെ മുതലാളിത്തം പ്രോത്സാഹിപ്പിക്കുന്നത്.

യഥാർഥത്തിൽ ആഗോള മൂലധന ശക്തികൾ മുന്നോട്ടുവെക്കുന്ന ഇത്തരം ആശയങ്ങളുടെയെല്ലാം പ്രചാരകരായിത്തീരുകയാണ് ഹുസൈനെയും ഹമീദിനെയും പോലുള്ളവർ. ■